(ബി)

സാമ്പത്തിക വർഷം	ലക്ഷ്യമിട്ട തുക (കോടി രൂപയിൽ)	പിരിച്ചെടുത്ത തുക (കോടി രൂപയിൽ)
2011-12	1410.73	1500.39
2012-13	1726	1831.15
2013-14	2570.65	2091.77

(സി) സാധാരണയായി ഓരോ വർഷത്തിലും 10 മുതൽ 20% വരെ ആണ് മോട്ടോർ വാഹന വകുപ്പിന്റെ ടാർജറ്റിൽ വർദ്ധനവ് വരുത്താറുള്ളത്. എന്നാൽ 2013-14 സാമ്പത്തിക വർഷത്തിൽ മുൻ വർഷത്തെ ടാർജറ്റിൽ നിന്നും 48.93% വർദ്ധിപ്പിച്ചിട്ടുള്ള തുകയാണ് ടാർജറ്റായി നിശ്ചയിച്ചത്. മാത്രമല്ല ഈ കാലയളവിൽ പുതിയ നികുതി പരിഷ്കരണങ്ങൾ നടപ്പിലാക്കിയിട്ടുമുണ്ടായിരുന്നില്ല. അതിനാലാണ് കുടിശ്ശിക പിരിച്ചെടുക്കുന്നതിനും നികുതി പിരിവിനുമുള്ള ഊർജ്ജിത ശ്രമങ്ങൾ മോട്ടോർ വാഹന വകുപ്പ് നടപ്പിലാക്കിയിട്ടും ലക്ഷ്യമിട്ടിരുന്ന തുക പിരിച്ചെടുക്കുവാൻ കഴിയാതെ വന്നത്.

വാഹന നികുതി അടയ്ക്കാൻ ഇൻഷ്വറൻസ് സർട്ടിഫിക്കറ്റ്

261 (7824) ശ്രീ. എളമരം കരീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വാഹന നികുതി സ്വീകരിക്കുമ്പോൾ ഇൻഷ്വറൻസ് സർട്ടിഫിക്കറ്റ് വേണ്ടതില്ലെന്ന് തീരുമാനിച്ചിട്ടുണ്ടോ ;

(ബി) ഈ തീരുമാനംമൂലം ഇൻഷ്വറൻസ് പ്രീമിയം അടയ്ക്കാതിരിക്കുന്ന പ്രവണത വർദ്ധിക്കുകയും അപകടങ്ങൾ സംഭവിക്കുമ്പോൾ ആനുകൂല്യങ്ങൾ ലഭിക്കാത്ത അവസ്ഥ ഉണ്ടാവുകയും ചെയ്യുമെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; വ്യക്തമാക്കുമോ ;

(സി) എന്തുകൊണ്ടാണ് ഇത്തരത്തിലുള്ള തീരുമാനം കൈക്കൊണ്ടതെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഇല്ല. നികുതി അടയ്ക്കുന്നതിനൊഴിച്ച് വകുപ്പിന്റെ മറ്റെല്ലാ സേവനങ്ങൾക്കും ഇൻഷ്വറൻസ് സർട്ടിഫിക്കറ്റ് ഹാജരാക്കേണ്ടതിനാൽ ഇൻഷ്വറൻസ് പ്രീമിയം അടയ്ക്കാതിരിക്കുന്ന പ്രവണത ഉണ്ടായിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. മാത്രമല്ല, റോഡ് പരിശോധനയിലും ഫിറ്റ്നസ്

LIBRARY ARCHIVES Kerala Legislative Assembly

പരിശോധനയ്ക്കും ഇൻഷ്വറൻസ് പരിശോധിക്കുന്നുണ്ട്. നികുതി അടയ്ക്കുന്ന ദിവസം ഇൻഷ്വറൻസ് ഉണ്ടായിരുന്നാലും അതിനുശേഷം പുതുക്കുന്നുണ്ടോ എന്ന് റോഡ് വാഹന പരിശോധനവഴിമാത്രമേ ഉറപ്പുവരുത്തുവാൻ സാധിക്കുകയുള്ളൂ.

(സി) നികുതി ഒടുക്കുന്നതിന് ഇ-പേമെന്റ് സമ്പ്രദായം നടപ്പാക്കുന്നതിന്റെ ഭാഗമായാണ് ഇൻഷ്വറൻസ് സർട്ടിഫിക്കറ്റ് ഹാജരാക്കണമെന്നുള്ള നിബന്ധന ഒഴിവാക്കിയിട്ടുള്ളത്. മോട്ടോർ വാഹന വകുപ്പിന്റെ മറ്റ് സേവനങ്ങൾക്കെല്ലാം ഇൻഷ്വറൻസ് സർട്ടിഫിക്കറ്റ് ഹാജരാക്കേണ്ടതുണ്ട്. മുഖ്യമന്ത്രി തൊഴിലാളി സംഘടനകളുമായി നടത്തിയ ചർച്ചയിൽ ടാക്സ് അടക്കുന്നതിന് ഇൻഷ്വറൻസ് സർട്ടിഫിക്കറ്റ് ഹാജരാക്കണമെന്ന വ്യവസ്ഥ പുനഃസ്ഥാപിക്കാമെന്ന് തീരുമാനിച്ചിട്ടുണ്ട്.

വിദ്യാർത്ഥികളുടെ യാത്രാപ്രശ്നം

262 (7825) ശ്രീ. പി. എ. മാധവൻ :
ശ്രീ. പാലോട് രവി :
ശ്രീ. സണ്ണി ജോസഫ് :
ശ്രീ. ലൂഡി ലൂയിസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വിദ്യാർത്ഥികളുടെ യാത്രാപ്രശ്നം പരിഹരിക്കാൻ സംസ്ഥാനതല സമിതി രൂപീകരിച്ചിട്ടുണ്ടോ ; വിശദമാക്കുമോ ;

(ബി) സമിതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണ് ; വിശദാംശങ്ങൾ നൽകുമോ ;

(സി) ഏതെല്ലാം യാത്രാപ്രശ്നങ്ങൾക്കാണ് സമിതി പരിഹാരം കാണാൻ ഉദ്ദേശിക്കുന്നതെന്ന് അറിയിക്കാമോ ?

ഉത്തരം

(എ) ഇല്ല. എന്നാൽ സർക്കാരിന്റെ 1-6-1990-ലെ ജി.ഒ.(ആർടി.) നമ്പർ. 851/90/പി.ഡബ്ല്യു.ആന്റ്ടി എന്ന ഉത്തരവ് പ്രകാരം വിദ്യാർത്ഥികളുടെ യാത്രാ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനായി ഓരോ ജില്ലയിലും ജില്ലാകളക്ടർ ചെയർമാനായി സ്റ്റുഡന്റ്സ് ട്രാവൽ ഫെസിലിറ്റി കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. കൂടാതെ 18-9-1990-ലെ ജി.ഒ.(ആർടി) നമ്പർ 1324/90/പി.ഡബ്ല്യു.ആന്റ്ടി എന്ന ഉത്തരവ് അനുസരിച്ച് പ്രസ്തുത കമ്മിറ്റി പ്രവർത്തിക്കുവാൻവേണ്ട മാർഗ്ഗനിർദ്ദേശങ്ങളും പുറപ്പെടുവിച്ചിട്ടുണ്ട്.

(ബി) ഓരോ ജില്ലയിലേയും വിദ്യാർത്ഥികളുടെ യാത്രാപ്രശ്നങ്ങൾ പരിഹരിക്കുന്നതിനുവേണ്ടിയാണ് സ്റ്റുഡന്റ്സ് ട്രാവൽ ഫെസിലിറ്റി കമ്മിറ്റി രൂപീകരിച്ചിട്ടുള്ളത്. എല്ലാ വർഷവും അദ്ധ്യയന വർഷം ആരംഭിക്കുന്നതിനു മുൻപ് പ്രസ്തുത കമ്മിറ്റി യോഗം കൂടേണ്ടതും വിദ്യാർത്ഥികളുടെ

LIBRARY ARCHIVES Kerala Legislative Assembly